**01.02.2022 തീയതിയിൽ ജലനിധി, സുസ്ഥിരത, മഴവെള്ളസംഭരണം – ഭൂജല പരിപോഷണം , ജലജീവൻ മിഷൻ എന്നീ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

ബഹു. എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖേന നടന്ന അവലോകനയോഗത്തിൽ PMU/ RPMU ഉദ്യോഗസ്ഥർ പങ്കെടുത്തു. തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ താഴെ പറയുന്ന കാര്യങ്ങൾ ആമുഖമായി സൂചിപ്പിച്ചു. KRWSA യിൽ കഴിഞ്ഞ അവലോകന യോഗത്തിനു ശേഷം ചില കാര്യങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും പക്ഷേ, KRWSA കൂടുതൽ ചട്ടുലതയോടെയും കാര്യക്ഷമതയോടെയും പ്രവർത്തിക്കേണ്ടതുണ്ടെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. സംസ്ഥാനമൊട്ടാകെ ജല ജീവൻ മിഷൻ പദ്ധതി നടന്നു വരുന്ന സാഹചര്യത്തില് KRWSAയുടെ പ്രസക്തിയും മുന്നോട്ടുള്ള ലക്ഷ്യങ്ങളും ഭാവി പരിപാടികളും വിശദമായി ചർച്ച ചെയ്യുന്നതിനു ഒരു വർക്ക് ഷോപ്പ് നടത്തുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിച്ചു. ശിൽപശാലക്കായി അജണ്ടകൾ തയ്യാറാക്കുമ്പോൾ താഴെ പറയുന്നവ കൂടി അതിൽ ഉൾപ്പടണമെന്നും നിർദ്ദേശിച്ചു.

- KRWSAയുടെ പുതുക്കിയ ദർശനവും ദൗത്യവും ലക്ഷ്യം വച്ച് പ്രവർത്തനശൈലിയിൽ മാറ്റങ്ങൾ വരുത്തേണ്ടുന്ന കാര്യങ്ങൾ.
- KRWSAയുടെ പ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ വിപുലീകരിക്കുന്നതിനും പൊതുജനങ്ങളിൽ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ.
- KRWSAയെ ഒരു SMART Working Organaisation ആക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ.
- സമയബന്ധിതമായി ജല ജീവൻ പദ്ധതികളും, മറ്റ് പദ്ധതികളും പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള പുതിയ തന്ത്രങ്ങൾ.
- മാറിയ സാഹചര്യത്തിൽ സുസ്ഥിരത പദ്ധതിക്ക് വേണ്ടിയുള്ള പുതിയ മാർഗ്ഗരേഖകൾ / നിർദ്ദേശങ്ങൾ തയ്യാറാക്കൽ.
- നിലവിൽ പൂർത്തീകരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പ് വരുത്തുക, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ പ്രവർത്തികൾ, മലിനജല നിർമ്മാർജ്ജന പ്രവർത്തനം തുടങ്ങിയ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളും നിർദ്ദേശങ്ങളും.

ടി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹു: ജല വിഭവ വകുപ്പ് മന്ത്രിയെ കൂടി ക്ഷണിച്ച് ഒരു ശില്പശാല 2022 ഫെബ്രുവരി മാസം തന്നെ നടത്തുവാൻ തീരുമാനിച്ചു.

തുടർന്ന് KRWSA മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് 11.01.22 ൽ ചേർന്ന അവലോകനയോഗ തീരുമാനങ്ങൾ പരിശോധിച്ച് പുരോഗതി വിലയിരുത്തുകയും ചെയ്തു.

<table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>നിർദ്ദേശങ്ങളും തീരുമാനങ്ങളും</th><th>Responsibility</th><th>സമയ പരിധി</th></tr>
<tr><td>1</td><td>ജലനിധി<br>രണ്ടാം ഘട്ട പദ്ധതി – പൂർത്തീകരണം</td><td>
<table>
<tr><th colspan="6">Physical Target ( No. of GPs)</th></tr>
<tr><th>RPMU</th><th>No. of GPs to be exited as on 11.1.22</th><th>Targeted for Jan 2022</th><th>Achievement as on 31.1.22</th><th>Target for Feb 2022</th><th>Target for Mar 2022</th></tr>
<tr><td>IDK</td><td>11</td><td>10</td><td>8</td><td>2</td><td>1</td></tr>
<tr><td>MLPM</td><td>23</td><td>8</td><td>1</td><td>14</td><td>8</td></tr>
<tr><td>KNR</td><td>11</td><td>8</td><td>7</td><td>1</td><td>3</td></tr>
<tr><td>**Total**</td><td>**45**</td><td>**26**</td><td>**16**</td><td>**17**</td><td>**12**</td></tr>
</table>
</td><td>റീജിയണൽ പ്രോജക്ട് ഡയറക്ടർ, RPMU ഇടുക്കി/ മലപ്പുറം / കണ്ണൂർ</td><td>28.2.22</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td>11.1.22 ലെ യോഗത്തിൽ നല്കിയ ടാർജറ്റുകൾ 90 ശതമാനവും ഇടുക്കി കണ്ണൂര് RPMU കൾക്ക് പൂർത്തീകരിക്കുവാൻ സാധിച്ചതിൽ അവരെ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിനന്ദിച്ചു.<br><br>മലപ്പുറം RPMU വിനു കീഴിലുള്ള ജലനിധി പദ്ധതികളുടെ പൂര്ത്തീകരണത്തിന് നല്കിയിരുന്ന ടാർഗറ്റ് സമയബന്ധിതമായി പാലിക്കാത്തതില് എക്സിക്യൂട്ടീവ് ഡയറക്ടർ അതൃപ്തി രേഖപ്പെടുത്തി. ടാർഗറ്റ് പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരുടെ Confidential Report/ Performance Reportൽ ഇക്കാര്യം രേഖപ്പെടുത്തണമെന്ന് അദ്ദേഹം നിര്ദേശിച്ചു. ജലനിധി പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് തല എക്സിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് PMU തലത്തില് നിന്നും പ്രത്യേകം മോണിട്ടർ ചെയ്യുന്നതിനു വേണ്ടി ശ്രീ. പി.വി ലാലച്ചന് DD(OP)നെ ചുമതലപ്പെടുത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ Confidential Report/ Performance Reportൽ ആവശ്യമായ ശുപാർശകൾ നൽകുന്നതിനും ശ്രീ. പി.വി ലാലച്ചനെ ചുമതലപ്പെടുത്തി.</td>
<td></td>
<td></td>
</tr>
<tr>
<td></td>
<td>ജലനിധി – ഫിനാന്ഷ്യല് പുരോഗതി</td>
<td>
<table>
<tr><th colspan="5">Financial Target (In Cr.)</th></tr>
<tr><th>PMU</th><th>Targeted on Jan 2022</th><th>Achievement as on 31.1.22</th><th>Target for Feb 2022</th><th>Target for Mar 2022</th></tr>
<tr><td>IDK</td><td>2.64</td><td>1.60*</td><td>0.15</td><td>1.15</td></tr>
<tr><td>MLPM</td><td>0.27</td><td>0.22</td><td>1.67</td><td>4.61</td></tr>
<tr><td>KNR</td><td>0.43</td><td>0.96</td><td>0.30</td><td>1.83</td></tr>
<tr><td>Total</td><td>3.34</td><td>2.78</td><td>2.12</td><td>7.59</td></tr>
</table>
* (1.60Cr. ready for Final Settlement – fund available only 0.34 Cr)<br>ഫെബ്രുവരി/ മാർച്ച് മാസത്തിൽ നല്കിയിട്ടുള്ള ടാർഗറ്റ് കൃത്യമായി പൂർത്തിയാക്കുന്നതിനു താഴെ കൊടുക്കുന്ന നിര്ദേശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി.</td>
<td>റീജിയണൽ പ്രോജക്ട് ഡയറക്ടർ, / അക്കൗണ്ട്സ് ഓഫീസർ ഇടുക്കി / മലപ്പുറം / കണ്ണൂർ RPMU</td>
<td>28.02.22</td>
</tr>
</table>

| | | | | |
|---|---|---|---|---|
| | | നിലവില് ജലനിധി പ്രൊജകറ്റിലേക്ക് വകയിരുത്തിയിട്ടുള്ള തുക ചെലവാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്ലാൻ പുനര് വിനിയോഗ നിർദ്ദേശങ്ങൾ (Reappropriation Proposal) തയ്യാറാക്കി 01.02.22 ൽ തന്നെ സമർപ്പിക്കുവാൻ ഫിനാൻസ് വിഭാഗത്തിന് നിർദ്ദേശം നൽകി. കൂടാതെ RPMU കളിൽ നിലവിലുള്ള തുകയും, ഈ സാമ്പത്തിക വർഷത്തിൽ വേണ്ടി വരുന്ന തുകയും സംബന്ധിച്ച് വിവരങ്ങൾ RPMU വിൽ നിന്ന് ലഭ്യമാക്കി പ്രൊപോസലിൽ ഉൾപ്പെടുത്തണം.<br><br>കൂടുതല് തുക കൈവശമുള്ള RPMU കളിൽ നിന്നും ആവശ്യമുള്ള RPMU കളിലേക്ക് താത്കാലികമായി ഫണ്ട് കൈമാറി വിനിയോഗിക്കണം. | ഡയറക്ടര് (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ ) i/c / ഡെപ്യൂട്ടി ഡയറക്ടര് (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ ) i/c | 01.02.22 |
| 2 | ജലനിധി രണ്ടാം ഘട്ടം – അയ്യനം | കേരള ജല അതോറിറ്റി ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തില് ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തി ജല ലഭ്യത കുറവ് പരിഹരിക്കുന്നതിന് വേണ്ടി ഓൺലൈനായി 25.1.22 ന ഒരു യോഗം വിളിച്ച ചേർത്തു , പ്രശ്നപരിഹാരത്തിനായി നിർദ്ദേശം നൽകിയെങ്കിലും ഇതുവരെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്ന് മാനേജർ ടെക്നിക്കൽ ഇടുക്കി RPMU അറിയിച്ചു. തുടര്ന്ന് കേരള ജല അതോറിറ്റി ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ തന്നെ 05.02.22 ന മുൻപായി ഒരു യോഗം കൂടി വിളിച്ച ചേർത്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. | ഡയറക്ടര് ടെക്നിക്കൽ & ഓപ്പറേഷൻസ് | 05.02.22 |
| 3 | സുസ്ഥിരത പദ്ധതി 2019-20, 2020-21 & 2021 – 22 | സുസ്ഥിരത പദ്ധതിയില് ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾക്ക് 11.01.22 ലെ യോഗത്തിൽ നൽകിയിരുന്ന ഫിനാൻഷ്യൽ ടാർജെറ്റ് യോഗം വിലയിരുത്തി. ഫെബ്രുവരി മാസത്തിലേക്ക് | റീജിയണല് പ്രൊജക്റ്റ് ഡയറക്ടർ./ അക്കൌണ്ട് ഓഫീസർ ഇടുക്കി / | 28.2.22, 31.3.22, |

<table>
<tr>
<td rowspan="3"></td>
<td rowspan="3"></td>
<td>നൽകിയിട്ടുള്ള ഫിനാൻഷ്യൽ ടാർജെറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു എല്ലാ ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിക്കണമെന്നു എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.
<table>
<tr><td colspan="5">Financial Target ( In Cr.)</td></tr>
<tr><td>RPMU</td><td>Targeted on Jan 22</td><td>Achievement as on 31.1.22</td><td>Target for Feb 22</td><td>Target for Mar 22</td></tr>
<tr><td>IDK</td><td>2.00</td><td>1.99*</td><td>3.00</td><td>4.00</td></tr>
<tr><td>MLPM</td><td>0.75</td><td>0.75</td><td>2.53</td><td>3.09</td></tr>
<tr><td>KNR</td><td>0.35</td><td>0.53</td><td>2.05</td><td>2.84</td></tr>
<tr><td>Total</td><td>3.10</td><td>3.27</td><td>7.58</td><td>9.93</td></tr>
</table>
* 1.997 Cr. Ready for release.</td>
<td>മലപ്പുറം / കണ്ണൂർ RPMU</td>
<td></td>
</tr>
<tr>
<td>2019-20, 20-21, 21-22 വർഷങ്ങളിൽ സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള സ്കീമുകളുടെ പ്രവർത്തികൾ PMU തലത്തിൽ പ്രത്യേകം മോണിട്ടർ ചെയ്യുന്നതിനു 11.1.22 ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ആഴ്ചയിൽ ഒരിക്കൽ അവലോകന യോഗം വിളിച്ചു ചേർത്ത് , പുരോഗതി വിലയിരുത്തി ആവശ്യമായ തീരുമാനങ്ങൾ / നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. അവലോകനയോഗങ്ങൾക്ക് കൃത്യമായ മിനുട്സ് തയ്യാറാക്കേണ്ടതാണ്.</td>
<td>ശ്രീ. പി.വി. ലാലച്ചന്, DD (OP), ശ്രീമതി: സംഗീത. എം.എം. DD (Tech) ശ്രീ: പ്രമോദ് DD (ME) & ശ്രീ. ജിജോ ജോസഫ് DD(HR)</td>
<td>Continuous</td>
</tr>
<tr>
<td>സുസ്ഥിരത പദ്ധതിയില് ഏറ്റെടുത്തിട്ടുള്ള സ്കീമുകളിൽ പഞ്ചായത്ത് വിഹിതം/ ഗുണഭോക്തൃ വിഹിതം ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കപ്പെട്ടതോ, പ്രവർത്തികൾ ആരംഭിക്കുവാൻ വൈകുന്നതോ ആയ സ്കീമുകൾ ലിസ്റ്റ് ചെയ്തു, ടി വിഹിതങ്ങൾ ഒഴിവാക്കുന്നതു സംബന്ധിച്ചു സർക്കാരിലേക്ക് പ്രൊപോസൽ തയ്യാറാക്കുവാനും സർക്കാരിലേക്ക് സമർപ്പിക്കുവാനും എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.</td>
<td>ശ്രീ.ഹേമന്ത് പി.ജി, PC (OP)</td>
<td>15.02.22</td>
</tr>
</table>

<table>
<tr>
<td rowspan="3">4</td>
<td rowspan="3">മഴവെള്ള സംഭരണവും ഭ്രജലപരിപോഷണവും ,</td>
<td>11.1.22 ലെ യോഗ തീരുമാനുസരിച്ച Vendor Development Programme നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 15.02.22 നുള്ളിൽ തന്നെ പ്രോഗ്രാം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. കഴിഞ്ഞ യോഗ തീരുമാനമനുസരിച്ചുള്ള Monthly Action Plan ന്റെ ള്ള പുരോഗതി അടുത്ത യോഗത്തിൽ അവലോകനം ചെയ്യുന്നതാണ്.

<table>
<tr><td colspan="5">Rain Water Harvesting (In Units)</td></tr>
<tr><td>Year</td><td>Target</td><td>Completed on 31.1.22</td><td>Target for Feb 22</td><td>Target for Mar 22</td></tr>
<tr><td>20-21</td><td>750</td><td>417</td><td>150</td><td>183</td></tr>
<tr><td>21-22</td><td>825</td><td>0</td><td>250</td><td>250</td></tr>
</table>

<table>
<tr><td colspan="5">Open Well Recharge (In Units)</td></tr>
<tr><td>Year</td><td>Target</td><td>Completed on 31.1.22</td><td>Target for Feb 22</td><td>Target for Mar 22</td></tr>
<tr><td>19-20</td><td>6794</td><td>1725</td><td>100</td><td>125</td></tr>
<tr><td>20-21</td><td>800</td><td>0</td><td>100</td><td>150</td></tr>
<tr><td>21-22</td><td>870</td><td>0</td><td>50</td><td>100</td></tr>
</table>

<table>
<tr><td colspan="3">Financial Target ( In Cr.)</td></tr>
<tr><td>Programe</td><td>Target for Feb – 22</td><td>Target for Feb – 22</td></tr>
<tr><td>RWH</td><td>2.12</td><td>2.29</td></tr>
<tr><td>Open Well recharge</td><td>0.38</td><td>0.56</td></tr>
<tr><td>Total</td><td>2.50</td><td>2.85</td></tr>
</table>
</td>
<td>മാനേജർ, മഴകേന്ദ്രം</td>
<td>15.02.22</td>
</tr>
<tr><td></td><td></td><td></td></tr>
<tr>
<td>ഗുണഭോക്തൃവിഹിതം ലഭിക്കാത്തതിനാല് പ്രവർത്തികൾ ആരംഭിക്കുന്നതിനു താമസം നേരിടുന്നുണ്ടെന്നും മാനേജർ മഴകേന്ദ്രം അറിയിച്ചതിന്റെ</td>
<td>മാനേജര്, മഴകേന്ദ്രം</td>
<td>15.02.22</td>
</tr>
</table>

<table>
<tr><td></td><td></td><td>അടിസ്ഥാനത്തിൽ നിലവില് അനുമതി ലഭിച്ചിട്ടുള്ള ഭൂജലപരിപോഷണ പ്രവർത്തികളിൽ ഗുണഭോക്തൃവിഹിതത്തിൽ ഭേദഗതി വരുത്തുകയോ കുറവ് ചെയ്യുകയോ ചെയ്യുവാന് സാധിക്കുമോ എന്നുള്ള കാര്യം അടുത്ത കോർ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനം അറിയിക്കേണ്ടതാണ്.</td><td></td><td></td></tr>
<tr><td>5</td><td>ജല ജീവന് മിഷൻ 2020-21</td><td>11.1.22 ലെ യോഗത്തിൽ 2020-21 ലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിചിട്ടുള്ള പദ്ധതികളിൽ നിന്ന് FHTCs നൽകുന്നതിനുള്ള ടാർജറ്റും നിലവിലെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th colspan="5">Physical Target ( No.of FHTCs)</th></tr>
<tr><th>RPMU</th><th>Targeted on Jan 22</th><th>Achievement as on 31.1.22</th><th>Target for Feb 22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>50</td><td>51</td><td>330</td><td>530</td></tr>
<tr><td>MLPM</td><td>141</td><td>201</td><td>1120</td><td>1300</td></tr>
<tr><td>KNR</td><td>185</td><td>199</td><td>1325</td><td>1150</td></tr>
<tr><td>Total</td><td>376</td><td>451</td><td>2775</td><td>2980</td></tr>
<tr><th colspan="5">Financial Target ( In Cr.)</th></tr>
<tr><th>RPMU</th><th>Targeted on Jan 22</th><th>Achievement as on 31.1.22</th><th>Target for Feb 22</th><th>Target for Mar 22</th></tr>
<tr><td>IDK</td><td>0.062</td><td>Bill processing</td><td>0.59</td><td>0.86</td></tr>
<tr><td>MLPM</td><td>0.21</td><td>0.27</td><td>1.3</td><td>1.52</td></tr>
<tr><td>KNR</td><td>0.5</td><td>0.37</td><td>2.38</td><td>2.17</td></tr>
<tr><td>Total</td><td>0.772</td><td>0.64</td><td>4.27</td><td>4.55</td></tr>
</table>
<br>RPMU കളിൽ നിന്ന് നിലവിൽ നൽകിയിരിക്കുന്ന ടാർജറ്റ് വളരെ കുറവ് ആണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഇതുവരെ പ്രവര് ത്തികൾ അവാർഡ് ചെയ്തിട്ടുള്ള സ്കീമുകളിൽ നിന്ന് 14,000 ത്തോളം കണക്ഷനുകൾ നൽകാനുണ്ട്. ഇതു</td><td>റീജിയണല് പ്രൊജക്റ്റ് ഡയറക്ടർമാർ / മാനേജര് ടെക്നിക്കൽമാർ</td><td>31.3.22<br>10.2.22</td></tr>
</table>

| | | | | |
|---|---|---|---|---|
| | | പ്രതിമാസം 7000 FHTCs എന്ന തോതിൽ അടുത്ത 2 മാസത്തിനുള്ളിൽ നേട്ടം കൈവരിക്കേണ്ടതാണ്. | | |
| | | സ്കീം / പദ്ധതി തിരിച്ചുള്ള ടാര് ജറ്റുകൾ/ ആക്ഷൻ പ്ലാൻ അടിയന്തിരമായി സമർപ്പിക്കേണ്ടതുമാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ, RPMU തലത്തിൽ മോണിട്ടർ ചെയ്യുന്ന ഉദ്യോഗസ്ഥർ / PMU തലത്തിൽ അവലോകനം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവരുടെ പേരുകൾ ഉൾപ്പെടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്. | | |
| 6 | ജല ജീവന് മിഷൻ 2021 -24 | നിർവ്വഹണ സഹായ ഏജൻസികളെ നിയമിച്ചുകൊണ്ട് ത്രികക്ഷി കരാർ ഒപ്പിടുവാൻ ബാക്കിയുള്ള പഞ്ചായത്തുകളിൽ കരാർ ഒപ്പിടുന്നതിലും തുടർനടപടികൾ വേഗത്തിലാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓൺലൈൻ മീറ്റിംഗ് 17.01.2021 തീയതിയിൽ നടന്നുവെങ്കിലും മീറ്റിംഗിന് ശേഷം 49 പഞ്ചായത്തുകളിൽ കൂടി മാത്രമാണ് കരാർ ഒപ്പിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള ത്രികക്ഷി കരാർ ഒപ്പിടുവാൻ ബാക്കിയുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് തയാറാക്കി ഉള്ളടക്കം ചെയ്തുകൊണ്ട് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകേണ്ടതാണ്. പകർപ്പ് മിഷൻ ഡയറക്ടർ, ജലജീവൻ മിഷനും നൽകണം. | ഡെപ്യൂട്ടി ഡയറക്ടര് ഓപ്പറേഷൻസ് | 05.02.22 |
| 7 | ജല ജീവന് മിഷൻ 2021-24 | SLSSC അനുമതി ലഭിച്ച പദ്ധതികൾക്ക് SWSM യോഗത്തിന്റെ തീരുമാനം വരുന്ന മുറക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികള് അടിയന്തിരമായി പൂർത്തീകരിച്ച | റീജിയണല് പ്രൊജക്റ്റ് ഡയറക്ടർമാർ / മാനേജര് ടെക്നിക്കൽ | Continuous |

| | | | | |
|---|---|---|---|---|
| | | വയ്ക്കണം. | | |
| | | ജല ജീവന് മിഷൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാങ്കേതിക ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ജലജീവൻ മിഷൻ വോളണ്ടിയർമാരെ (ടെക്നിക്കൽ) KWA മാതൃകയിൽ നിയമിക്കുന്നതിനുള്ള പ്രൊപോസൽ പുതുക്കി തയ്യാറാക്കി സമർപ്പിക്കണം. | ഡയറക്ടര് (HR) | 10.2.22 |
| 8 | FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന | കെ.ആര്.ഡബ്ല്യു.എസ്സ്.എ മുഖേന 85000 ത്ര മുകളിൽ സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ടെന്നു ഡെപ്യൂട്ടി ഡയറക്ടർ (WC) അറിയിച്ചു. ഇവയുടെ വിശദാംശങ്ങൾ WQMIS യിൽ അപ്ലോഡ് ആയിട്ടുണ്ട് എന്നത് SRI, ഡയറക്ടറുമായി ചർച്ച ചെയ്തു ഉറപ്പ് വരുത്തേണ്ടതാണ് . ഇല്ലെങ്കിൽ ആയതു അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട 3,00,000 സാമ്പിളുകളുടെ പരിശോധന 31.3.22 ന്ര മുൻപ് തന്നെ പൂർത്തിയാക്കണം. | ഡെപ്യൂട്ടി ഡയറക്ടര് (WC) | 31.3.22 |
| 9 | KRWSA ഫയലുകളുടെ Followup | KRWSA യിൽ നിന്ന് ജല വിഭവവകുപ്പിൽ സമർപ്പിച്ചിട്ടുള്ള വിവിധ ഫയലുകളുടെ details ഉൾക്കൊള്ളിച്ചുകൊണ്ട് Google Sheet തയ്യാറാക്കി എക്സിക്യൂട്ടീവ് ഡയറക്ടറുടെ സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്. ആയത് തുടർന്നും Followup ചെയ്യണം. | ഡയറക്ടർ (ഫിനാൻസ്) i/c, Secretary to ED | Continuous |
| 10 | " Fully Digitally Governred State " ആക്കി മാറ്റുന്നതിന് സംബന്ധിച്ച് | KRWSA മുഖാന്തിരം നടത്തുന്ന എല്ലാ പബ്ലിക് സർവീസുകൾക്കും ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനും, വെബ്സൈറ്റില് പ്രത്യേകം Dash board തയ്യാറാക്കുന്നതിനും, അടുത്ത കോർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കണം. | കോര് കമ്മിറ്റി, KRWSA, | 15.02.22 |
| 11 | പ്ലാന് പ്രൊപ്പോസൽ 2022-23 | അടുത്ത സാമ്പത്തിക വര് ഷത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ KRWSA നടത്തുവാന് ഉദ്ദേശിക്കുന്ന Brain Storming Workshop ൽ ചർച്ച | റീജിയണല് പ്രൊജക്റ്റ് ഡയറക്ടർമാർ / ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)/ | 15.2.22 |

| | | | | |
|---|---|---|---|---|
| | | ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് പഞ്ചായത്തുകളുമായി ചർച്ച ചെയ്യുകയും വ്യക്തമായ ധാരണയിൽ മുന്നോട്ട് വരുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകി DER തയ്യാറാക്കേണ്ടതാണ്. | മാനേജര് ടെക്നിക്കൽ | |
| 12 | Brain storrming Work shop നടത്തുന്നത് സംബന്ധിച്ച് | ആമുഖത്തില് പരാമർശിച്ചിരിന്ന Brain storrming Workshop ലേക്ക് ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് കോർ കമ്മിറ്റിയിൽ ചർച്ച ചെയ്ത്, വിവിധ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തി ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ സൌകര്യപ്രദമായ തീയതിക്കനുസരിച്ച ശിൽപശാല നടത്തുന്നതിന് ഡയറക്ടർ (HR) നെ ചുമതലപ്പെടുത്തി. | ഡയറക്ടര് (HR) | 25.2.22 |
| 13 | ജലനിധി മാഗസിന്റെ പ്രസിദ്ധീകരണം | എല്ലാ മാസവും ജലനിധി മാഗസിന് പ്രസിദ്ധീകരിക്കണം . ഇതിനായി ശ്രീ. ജിജോ ജോസഫ് DD (HR) & IEC യെ ചുമതലപ്പെടുത്തി. | ശ്രീ. ജിജോ ജോസഫ് DD (HR)& IEC | Monthly |

എക്സിക്യൂട്ടീവ് ഡയറക്ടർ